**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2523** **12-10-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുത വാഹനങ്ങളുടെ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുത വാഹനങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി കൺവർജൻസ് എനർജി സർവ്വീസസ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; | (എ) | കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കോൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡുമായി (സി.ഇ.എസ്.എൽ.) ലോക പരിസ്ഥിതി ദിനമായ 2021 ജൂൺ 5 ന് ഇ.എം.സി. കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (ബി) | വൈദ്യുത വാഹനങ്ങളുടെ ചാർജിംഗിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | പെട്രോൾവില വർദ്ധനവ് മൂലമുള്ള പ്രയാസം ഗണ്യമായി കുറയ്ക്കുക, പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ഊർജ്ജ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ സുപ്രധാനമായ, അടുത്ത തലമുറയെവരെ സ്വാധീനിക്കുന്ന വൻലക്ഷ്യങ്ങൾ മുന്നിൽ കണ്ട് വൈദ്യുതി വാഹനങ്ങൾക്ക് അതീവ പ്രാധാന്യം നൽകിവരുന്നു. ഇതിന്റെ ഭാഗമായി കേരള സർക്കാർ ഇ-വെഹിക്കിൾ പോളിസി പുറത്തിറക്കിയിട്ടുണ്ട്. വൈദ്യുതി വാഹനങ്ങളുടെ ഉപയോഗത്തിനും വിപണിയുടെ ഉണർവ്വിനും സുപ്രധാനമായ പങ്ക് വഹിക്കേണ്ടത് ചാർജ്ജിംഗ് സംവിധാനങ്ങളുടെ പര്യാപ്തതയാണ്. കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിനെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലുമായി 250ൽ പരം വരുന്ന ഒരു ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് പ്രവർത്തിക്കുന്നു. സംസ്ഥാന സർക്കാരിന്റെ ഇമൊബിലിറ്റി പ്രമോഷൻ ഫണ്ടിൽ നിന്നും പ്രാരംഭഘട്ടമായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ സ്വന്തം സ്ഥലത്ത് ഫോർവീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 07.11.2020 |

മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തു കഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു. 1.. നേമം, തിരുവനന്തപുരം. 2. ഓലൈ, കൊല്ലം. 3. പാലാരിവട്ടം, എറണാകുളം. 4. വിയ്യൂർ, തൃശ്ശൂർ. 5. നല്ലളം, കോഴിക്കോട്. 6. ചൊവ്വ, കണ്ണൂർ. സംസ്ഥാന സർക്കാരിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽ നിന്നും 26 പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി കൂടി ലഭിച്ചിട്ടുണ്ട്. അത്രയും സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. അതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം II പദ്ധതി പ്രകാരമുള്ള 30 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നു വരികയാണ്. ഇത്തരത്തിൽ 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തിയാകുന്നതായിരിക്കും. പൈലറ്റ് പദ്ധതിയായി ഇലക്ട്രിക് ഓട്ടോറിക്ഷകൾക്കും ഇരുചക്ര വാഹനങ്ങൾക്കുമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 10 വിതരണ പോളുകളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുകയും അവയുടെ പ്രവർത്തനം വിലയിരുത്തി കേരളമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതിയും സ്വീകരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. വൈദ്യുത വാഹനങ്ങളുടെ ചാർജ്ജിംഗിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ദേശീയ, സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്ക് സമീപം ചാർജ്ജിംഗ് സ്റ്റേഷനുകൾ അനെർട്ട് സ്ഥാപിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, ഇടുക്കി, പാലക്കാട്, കാസറഗോഡ് എന്നീ ജില്ലകളിലായി ആകെ 9 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. പ്രവർത്തനം തുടങ്ങിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ 1.അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി., തിരുവനന്തപുരം. 2.കാർ പാർക്കിംഗ് ഏരിയ (ഡി.ടി.പി.സി.), ശംഖുമുഖം, തിരുവനന്തപുരം. 3.ഗവണ്മെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം. 4.ടേക്ക് എ ബ്രേക്ക് (ഡി.ടി.പി.സി), ചവറ, കൊല്ലം. 5.ഓട്ടോ കാസ്റ്റ്, ചേർത്തല, ആലപ്പുഴ. 6.ഡി.ടി.പി.സി. സെന്റർ, ഇടുക്കി. 7.കെ.ടി.ഡി.സി. ടൂറിസ്റ്റ് റിസപ്ഷൻ സെന്റർ, മറൈൻ ഡ്രൈവ്, എറണാകുളം. 8.കാഞ്ഞിരംപുഴ ഡാം, പാലക്കാട്. 9.ഡി.ടി.പി.സി വേ സൈഡ് അമിനിറ്റി സെന്റർ, നീലേശ്വരം, കാസർഗോഡ്. ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഓരോ ചാർജ്ജിംഗ്

| | | | | |
|---|---|---|---|---|
| | | | | സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. നിർമ്മാണ ഘട്ടത്തിലുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ 1 കെ.ടി.ഡി.സി. ആഹാർ റെസ്റ്റോറന്റ്, കായംകുളം, ആലപ്പുഴ. 2 കില, മുളങ്കുന്നത്തു കാവ്, തൃശ്ശൂർ. 3 കെ.ടി.ഡി.സി. അഹാർ റെസ്റ്റോറന്റ്, വടകര, കോഴിക്കോട്. 4 മൂസക്കുട്ടി സ്മാരക മുനിസിപ്പൽ ബസ് സ്റ്റാൻഡ്, പെരിന്തൽമണ്ണ, മലപ്പുറം. 5 ജവഹർ ബാല വികാസ് ഭവൻ, മീനങ്ങാടി, വയനാട്. 6 ഡി.ടി.പി.സി. ലാൻഡ്, പിണറായി - പടനക്കര റിവർ സൈഡ് പാർക്ക്, കണ്ണൂർ. പത്തനംതിട്ട, കോട്ടയം ജില്ലകളിൽ സൗകര്യപ്രദമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു. ഓരോ 100 കിലോമീറ്ററിനുള്ളിൽ ഒരു ചാർജ്ജിംഗ് സ്റ്റേഷൻ എന്ന രീതിയിൽ സ്ഥാപിക്കുന്നതിനാണ്അനെർട്ട് ആദ്യ ഘട്ടത്തിൽ ലക്ഷ്യമിടുന്നത്. ഇതിനായി എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E..E..S.L.) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് സംസ്ഥാനത്ത് സർക്കാർ, പൊതുമേഖലാ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള സൗകര്യപ്രദമായ സ്ഥലങ്ങൾ ലഭ്യമാണെങ്കിൽ അവിടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്. സ്വകാര്യ സംരംഭകരെക്കൂടി ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിൽ പങ്കാളികളാക്കാനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. പ്രധാന റോഡുകൾക്ക് സമീപമുള്ള ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മാളുകൾ എന്നിവടങ്ങളിൽ സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്റ്റേഷനുകളിൽ അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ